"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - ട്രിഡ - പാളയം സമന്വയ പാർക്ക് - പ്ലാൻ ഫണ്ട് - അഡ്വാൻസ് - റിലീസ് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.740/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 18.12.2024-ലെ സ.ഉ. (സാധാ)2482/2024/തസ്വഭവ.
2. 17.08.2025-ലെ സ.ഉ. (സാധാ)2045/2025/തസ്വഭവ.
3. ട്രിഡ സെക്രട്ടറിയുടെ 19.01.2025-ലെ E1/419/2025/TRIDA നമ്പർ കത്ത്.

**ഉത്തരവ്**

കേരള സർക്കാരിന്റെ 14-ാം പഞ്ചവത്സര പദ്ധതി നാലാം വാർഷിക പരിപാടി (2025-26) പ്രകാരം, 7 കോടി രൂപ വട്ടിയൂർക്കാവ് ജംഗ്ഷൻ പുനഃരധിവാസ പദ്ധതിക്കും, പാളയം സമന്വയ പാർക്ക് നിർമ്മാണത്തിനുമായി തിരുവനന്തപുരം വികസന അതോറിറ്റിക്ക് അനുവദിക്കുകയുണ്ടായി. പാളയം സമന്വയ പാർക്ക് നിർമ്മാണ പ്രവൃത്തിക്കായി 149 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകി ഉത്തരവായിരുന്നു.

2. പരാമർശം (2) പ്രകാരം വട്ടിയൂർക്കാവ് ജംഗ്ഷൻ പുനഃരധിവാസ പദ്ധതിക്ക് 6.50 കോടി രൂപ അനുവദിക്കുകയുണ്ടായി. ബാക്കി 50 ലക്ഷം രൂപ പാളയം സമന്വയപാർക്ക് നിർമ്മാണത്തിനായി അനുവദിക്കുവാൻ 30.06.2025-ലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നതായും, നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ടി പ്രവൃത്തിക്ക് അനുവദിക്കുന്നതിനും, എഗ്രിമെന്റ് വെച്ചിട്ടുള്ള അക്രെഡിറ്റെഡ് ഏജൻസിയായ M/s.COSTFORD-ന് അനുവദനീയമായ 20% അഡ്വാൻസ് (10 ലക്ഷം രൂപ) അനുവദിക്കുന്നതിനും ഉത്തരവാകണമെന്ന് പരാമർശം (3) കത്ത് പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രിഡയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനായി പദ്ധതി വിഹിതം മുൻ കൂട്ടി റിലീസ് ചെയ്യാനാവാത്തതാണ്. ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ട്രിഡയുടെ പാളയം സമന്വയ പാർക്കിന് നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ടി പ്രവൃത്തിക്ക് നിയമാനുസൃതം അനുവദിക്കാവുന്ന 20% അഡ്വാൻസ് (10 ലക്ഷം രൂപ മാത്രം) 2217-05-191-36-P ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&ഇസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യ (ഡബ്ല്യൂസിഡി) വകുപ്പ് (10.03.2026-ലെ WCD-3/46/2026/ധന പ്രകാരം)

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA4/145/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 13-03-2026 17:10:28
സെക്ഷൻ ഓഫീസർ